കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

## 2018-19

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എടി.എസ്.ആർ(പി8)322/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ – 6800020

ഫോൺ : 0487-2331249

ഇ-മെയിൽ :dotsr.ksad@kerala.gov.in

തീയതി: 21.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

പാണഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പാണഞ്ചേരി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ്നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ 1-20,1-21 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ(പി8)322/2020 തീയതി : 21.05.2020

# തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 22.02.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.03.2019 വരെയുള്ള വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.02.2020 മുതൽ 03.03.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ബേബി.പി.വി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സിജു.പി.ഡാംസൺ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുധ.ഇ.എൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജയൻ.വി.എസ് | ഓഡിറ്റർ |
| | ശ്രീ.മോഹനൻ.കെ.എ | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| പേര് | ഉദ്യോഗപേര് | കാലയളവ് |
|---|---|---|
| ശ്രീമതി.അനിത.കെ.വി. | പ്രസിഡന്റ് | 01.04.2018 മുതൽ 31.03.2019 വരെ |
| ശ്രീ.പ്രദീപ്.കെ. | സെക്രട്ടറി | 01.04.2018 മുതൽ 16.03.2019 വരെ |
| ശ്രീ.വാസുദേവൻ.പി | സെക്രട്ടറി ഇൻ ചാർജ്ജ് | 17.03.2019 മുതൽ 31.03.2019 വരെ |

സി)നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.ഹംസ.പി.ഐ. | 01.04.2018 മുതൽ 09.07.2018 വരെ |
| | ശ്രീമതി.ജിൻസി | 10.07.2018 |
| | ശ്രീ.ഹംസ.പി.ഐ. | 11.07.2018 മുതൽ 30.08.2018 വരെ |
| | ശ്രീമതി.മേഘന.ടി.കെ | 31.08.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ടെസ്സി.കെ.കുരുവിള | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സജീന.എ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ആശ.കെ | 01.04.2018 മുതൽ 22.07.2018 വരെ |
| | ഡോ.സുഹാസ്നാരായണൻ.പി.കെ | 23.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.വിജോയ് ജോസഫ്.സി | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീ.ജെയിംസ്.കെ.സി. | 01.04.2018 മുതൽ 27.04.2018 വരെ |
| | 28.04.2018 മുതൽ 19.06.2018 വരെ ഒഴിവ് | |
| | ശ്രീ.വാസുദേവൻ.പി | 20.06.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സുധർമ്മിണി.ജി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. (കണ്ണാറ സർക്കിൾ) | ശ്രീമതി.സുമിത ബേബി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. (വാണിയംപാറ സർക്കിൾ) | ശ്രീമതി.പ്രജിത.സി.ബി. | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. (പട്ടിക്കാട് സർക്കിൾ) | ശ്രീമതി.മീര വാര്യർ | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രധാന അദ്ധ്യാപിക ജി.യു.പി.എസ് | ശ്രീമതി.നിർമ്മലാദേവി.പി.സി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.മഹേഷ്.വി.സി | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1–1 |
| 2 | വാർഷിക ധനകാര്യപത്രിക | 1–2 |

| | | |
|---|---|---|
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമപദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 1-10 |
| 11 | ഇ -ടെണ്ടർ -ടെണ്ടർ ഫോം വില പഞ്ചായത്ത്ഫണ്ടിൽ വരവ് വെച്ചിട്ടില്ല | 1-11 |
| 12 | വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ് | 1-12 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ- ചട്ടവ്യവസ്ഥകൾ പാലിക്കേണ്ടതാണ് | 1-13 |
| 14 | കെട്ടിട നിർമ്മാണ അനുമതി - സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ് | 1-14 |
| 15 | വസ്തുനികുതി ഈടാക്കുന്നത് സംബന്ധിച്ച അപാകതകൾ | 1-15 |
| 16 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-16 |
| 17 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-17 |
| 18 | ലോഗ് ബുക്ക് യഥാവിധി പരിപാലിക്കുന്നില്ല | 1-18 |
| 19 | പ്രോജക്ട് നിർവ്വഹണ ഘട്ടത്തിൽ അംഗീകാരമില്ലാതെ മാറ്റം വരുത്തി | 1-19 |
| 20 | കൃഷി ഓഫീസർ -ഗുണഭോക്തൃവിഹിതം -രസീത് നല്കിയില്ല-യഥാസമയം പഞ്ചായത്ത് ഫണ്ടിൽ അടച്ചില്ല | 1-20 |
| 21 | അസിസ്റ്റന്റ് എഞ്ചിനീയർക്ക് പുനർനിയമനം- വിരമിച്ച ഉദ്യോഗസ്ഥൻ ട്രഷറി ബിൽ ബുക്ക് ഉപയോഗിച്ച് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പണം പിൻവലിച്ച് ചെലവ് നടത്തി | 1-21 |
| 22 | ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 1-22 |
| 23 | മാനാങ്കോട് കുടിവെള്ള പദ്ധതി -പൂർത്തികരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-23 |
| 24 | സാമൂഹ്യ സുരക്ഷ പെൻഷൻ - അപേക്ഷകളും രജിസ്റ്ററുകളും ഹാജരാക്കിയില്ല | 1-24 |
| 25 | ആശ്രയ പദ്ധതി - തുക വിനിയോഗിക്കാതെ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നു | 1-25 |
| 26 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പരാമർശങ്ങൾ | 1-26 |
| 27 | ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പദ്ധതി -അപാകതകൾ | 1-27 |
| 28 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതി-ഉപകരണങ്ങൾ വിതരണം നടത്താതെ അവശേഷിക്കുന്നു | 1-28 |
| 29 | പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അവലോകനം | 1-29 |
| | ഭാഗം – 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | **ഇല്ല** | |
| | ഭാഗം – 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | **ഇല്ല** | |
| | ഭാഗം – 4 | |
| 30 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 32 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-3 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 36 | ഓഡിറ്റ് റിക്കവറി | 4-7 |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 38 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 40 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| 41 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 42 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

21-03-2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ഇത് പ്രകാരം പ്രതീക്ഷിത വരവ് 36,08,00,756/- രൂപയും പ്രതീക്ഷിത ചെലവ് 35,15,15,492/- രൂപയുമാണ്. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 20-02-2019 ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 12.06.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11768293 |
| വരവ് | 193348918 |
| ആകെ | 205117211 |
| ചെലവ് | 167624720 |
| നീക്കിയിരിപ്പ് | 37492491 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 55597833 | 55597833 | 55597833 | 0 |
| വികസന ഫണ്ട്-എസ്.സി.പി(ACR പ്രകാരം) | | 0 | 9757000 | 9757000 | 9757000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 2739000 | 2739000 | 2739000 | 0 |
| മെയിന്റനൻസ് ഫണ്ട്, റോഡ് (ACR പ്രകാരം) | | 0 | 17125000 | 17125000 | 17125000 | 0 |
| മെയിന്റനൻസ് ഫണ്ട്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 6249000 | 6249000 | 4326299 | 1922701 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 27053193 | 27053193 | 23514000 | 3539193 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 27842751 | 27842751 | 27842751 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 717000 | 717000 | 717000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഐ.സി.ഡി.എസ് | 2213707 | 1846382 | 4060089 | 938868 | 3121221 |
| | ടി.എസ്.സി | 344078 | 897630 | 1241708 | 278564 | 963144 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ –വിമുക്തി | | 14525 | 25000 | 39525 | 4050 | 35475 |
| ശുചിത്വ മിഷൻ | | 0 | 1100000 | 1100000 | 251232 | 848768 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 338684 | 6573665 | 6912349 | 4979808 | 1932541 |
| | ജില്ലാ പഞ്ചായത്ത് | 821300 | 8415669 | 9236969 | 6223727 | 3013242 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | | 0 | 17156424 | 17156424 | 4987943 | 12168481 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (എസ്.ബി.ഐ പാണഞ്ചേരി) | 4044095 | 7285867 | 11329962 | 3426192 | 7903770 |
| | ഇ-പേയ്മെന്റ് | 48191 | 554362 | 602553 | 134197 | 468356 |
| | ട്രഷറി അക്കൗണ്ട് | 1368286 | 32226892 | 33595178 | 21906825 | 11688353 |
| | പാണഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 6540203 | 16136300 | 22676503 | 12466582 | 10209921 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 441 | 232758439 | 301 | 147169802 | 140 | 0 | 68.25 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2880 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 9413100 | 721 |
| വിധവാപെൻഷൻ | 26868800 | 2244 |
| വാർദ്ധക്യകാലപെൻഷൻ | 37560900 | 3161 |
| വികലാംഗ പെൻഷൻ | 6694900 | 542 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1782000 | 148 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 300000 | 10 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.02.2020 തീയതി 3.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 98,938/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.01.2020, 23.01.2020 | 2019 ഒക്ടോബർ, നവംബർ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.02.2019 മുതൽ 20.02.2019 വരെ | 2012-13 മുതൽ 2017-18 വരെ | 01.04.2019 |

## 1-9 ആഭ്യന്തര നിയന്ത്രണം

വൗച്ചറുകൾ ഏറെക്കുറെ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. എന്നാൽ രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ ശരിയാംവണ്ണം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി നടക്കുന്നുണ്ട്. കുടിവെള്ള സൗകര്യം, ഇരിപ്പിട സൗകര്യം എന്നിങ്ങനെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മത്സരാധിഷ്ഠിത ടെണ്ടറുകൾ തുലോം കുറവായികാണപ്പെടുന്നു. മത്സരാധിഷ്ഠിതടെണ്ടറുകൾ പ്രോത്സാഹിക്കപ്പെടേണ്ടതാണ്. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ യഥാസമയം രേഖപ്പെടുത്തി കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകളിൽ സെക്രട്ടറി പൂർണ്ണമായും സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നില്ല. പ്രസിഡണ്ടിന്റെ പേരിൽ ദുരിതാശ്വാസ നിധി അക്കൗണ്ട് രൂപീകരിച്ചിട്ടില്ല. മൂന്ന് വർഷത്തിലധികം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽ കൂട്ടാതെ അവശേഷിക്കുന്നു. ആയത് തനത് ഫണ്ടിൽ മുതൽ കൂട്ടുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ലോഗ്ബുക്ക് യഥാവിധി പരിപാലിക്കുന്നില്ല. ആഭ്യന്തര സംവിധാനം കാര്യക്ഷമമാക്കുവാൻ ബന്ധപ്പെട്ട ഭരണ സമിതിയുടെ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-10 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1 തൻവർഷം</u>

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3835152 | 3445516 | 170931 | 320020 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3835152 | 3842425 | 106780 | *320588 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4840135 | 4318938 | 229947 | 356819 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4840135 | 3797746 | 198494 | *356951 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.2 കുടിശ്ശിക</u>

2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1054653 | 791607 | 276423 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *1202410 | 1146097 | 277322 ** |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (.........+.........=......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (.........../105X100)=......., |

2.2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2394100 | 1422402 | 989720 |
| വാർഷികകണക്കിലെ | 4938991 | 1140403 | 990183 |

| | | | |
|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*<br>(.........+..........=......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **<br>(............/105X100)=..........,<br>ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 195791 | 55668 | 251459 | 175166 | 40369 | 215535 | 8869 | | 16598 | 14766 | 31364 |
| | നോൺ-റെസിഡൻഷ്യൽ | 244905 | 121227 | 366132 | 216757 | 71316 | 288073 | 11945 | | 17980 | 49973 | 67953 |
| | ആകെ | | | 617591 | | | 503608 | 20814 | | 99317 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 631436 | | | 503692 | | | | 266969 | 99317 | | |
| | | 596858+34578=(2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State govt. Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State govt. Cess/levies ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 5,03,692/- രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 5,03,608/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 2,66,969/- രൂപയാണ്.

2.6 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 11045 | 106780 |
| 2 | 350410101-Advance collection of revenues -Property tax on Non-Residential building | 0 | 198494 |

2.7.തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 2,94,229/- രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.7.1 റെസിഡൻഷ്യൽ

| ക്രമ.നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800400 | 31/03/2019 | 95735 |

2.7.2 നോൺ-റെസിഡൻഷ്യൽ

| ക്രമ.നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800401 | 31/03/2019 | 198494 |

3. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

3.1 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

3.2 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4. അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. (വസ്തു നികുതി ഒഴികെ).

തൊഴിൽ നികുതി(ട്രേഡേഴ്സ്)/മുറി വാടക/ലേലം/ഡി&ഓ

| ഇനം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| വാടക | 910808 | 842700 | - | - | 68108 |
| തൊഴിൽ നികുതി | 738610 | 326560 | 412050 | - | ഇല്ല |

5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ.നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2019 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance collection of revenues-Profession tax /inst/trad/prof | 451780 |
| 2 | ഡി &ഒ | 350410301-Advance collection of revenues-Licence fees for dangerous and offensive trades | 249140 |

6. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (24453) |
| 280100104-Prior period income-Property tax on non residential buildings | 2741936 |
| 280200401-Prior period income-Other income | 46053 |
| 280800101-Prior period-Establishment expenses | (10000) |
| 280600201-Prior period- remission and refund licence fees | 1000 |

8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

9. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2,57,24,198/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity"

ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3,71,37,160/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

10. 2018-19 വർഷത്തെ Income and expenditureപത്രിക പ്രകാരം 1,43,87,051/- രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

11. താഴെ ചേർക്കുന്ന അഡ്വാൻസ് ഇനങ്ങൾക്ക് ആധികാരികമായ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

| | |
|---|---|
| അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് | 5166452 |
| അഡ്വാൻസ് ടു അതേഴ്സ് | 648593 |

12. താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | എ.എൻ. ലക്ഷം വീട് | 67102164570 | 90435 |
| 2 | ലിറ്ററസി | 10554112880 | 199685 |

13. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/19 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2019 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 16,44,917/- രൂപയാണ്. എന്നാൽ 31/3/2019 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 82,73,499/- രൂപയാണ്.

<u>14. വാർഷിക ഓഡിറ്റ് വേളയിൽ കണ്ടെത്തിയ അപാകതകൾ</u>

പ്രോജക്റ്റ് നമ്പർ 445/19-കൃഷിഭവൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

ചെലവ് വിവരങ്ങൾ

| ട്രഷറി ബിൽ നമ്പർ | തീയതി | തുക | |
|---|---|---|---|
| 48/KBP 48/18-19 | 22/3/2019 | 96,826 | നിഡ്സൺ ഇൻഫോ വേ മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്ന് കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ്, ബാറ്ററി എന്നിവ വാങ്ങിയതിന് ഇൻവോയ്സ് നമ്പർ NPMB2C/5646 തീ.18/3/2019 നമ്പർ പ്രകാരമുള്ള തുക നല്കിയത്. |

കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ്, ബാറ്ററി എന്നിവ വാങ്ങിയതിന് മേൽ പ്രകാരം 96,826/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഈ പ്രോജക്റ്റ് പ്രകാരമുള്ള ചെലവ് "252300101-Public Building General" എന്ന ചെലവ് ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കമ്പ്യൂട്ടർ മുതലായ ആസ്തികളാണ് വാങ്ങിയതെന്നിരിക്കെ മേൽ ശീർഷകത്തിൽ ചെലവായി എഴുതി കളഞ്ഞത് ശരിയല്ല. ഇപ്രകാരം ചെയ്തതിനാൽ ബാലൻസ് ഷീറ്റിൽ 96,286/- രൂപയുടെ ആസ്തി കുറവായി രേഖപ്പെടുത്തുന്നതിനും ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം 96,286/- രൂപയുടെ ചെലവ് അധികമായി രേഖപ്പെടുത്തുന്നതിനും കാരണമായി. നടപ്പു സാമ്പത്തിക വർഷത്തിൽ "Prior Period items" എന്ന ശീർഷകത്തിലേക്ക് ക്രെഡിറ്റ് നല്കി ഈ തുക ഉചിതമായ ആസ്തി ശീർഷകത്തിലേക്ക് മാറ്റിയിടേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 6 തീ. 27/2/2020)

# 1-11 ഇ -ടെണ്ടർ ഫോം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല

2018-19 വർഷത്തിൽ അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ വിവിധ പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില 50460/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വെച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന് അവകാശപ്പെട്ട മേൽ തുക ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-12 വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ മുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള താഴെ പറയുന്ന വ്യക്തികളിൽ നിന്നും 2018 ഏപ്രിൽ മാസം മുതൽ വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് | റൂം നം. | പ്രതിമാസ വാടക | തുക |
|---|---|---|---|---|
| 1 | അജി, തോട്ടകുറ്റിയിൽ, മേലേച്ചിറ, ചുവന്നമണ്ണ് | 3/955 | 2337 | 28044 |
| 2 | രേഖ, W/O കൊച്ചനിയൻ, കിഴക്കുംപാട്ടുകര, ചിറക്കുന്ന് | 3/960 | 2210 | 26520 |
| 3 | രാജൻ, പാലത്തുപറമ്പിൽ, ചീനിക്കടവ് | 3/964 | 2041 | 24492 |
| ആകെ | | | | 79056 |

2018-19 വർഷം മേൽ തുക കുടിശ്ശിക വരുത്തിയിട്ടുള്ളതും, നാളിതുവരെയായി തുക അടവാക്കാത്തതുമായ വാടകക്കാരിൽനിന്നും പിഴ സഹിതം തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

7/375 നമ്പർ മുറി വാടകക്കെടുത്തിരിക്കുന്ന കെ.എ.ജോണി, കവനാമറ്റത്തിൽ, വാണിയമ്പാറ, 4/25,26 (പുതിയ നം.4/9,10) മുറികളുടെ വാടകക്കാരായ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പട്ടിക്കാട് എന്നിവർ വാടക കരാർ പുതുക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.4/27.02.2020 ന് നൽകിയ മറുപടിയിൽ കരാർ ചമച്ചിട്ടുള്ളതാണെന്നും ആയത് കണ്ടെത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. കരാർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ- ചട്ടത്തിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ശ്രദ്ധിക്കപ്പെട്ട വസ്തുതകൾ താഴെ ചേർക്കുന്നു.

1) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടില്ല.

2) വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

3) ലൈസൻസ് രജിസ്റ്ററിൽ സ്ഥാപനത്തിന്റെ പേര്, തരം എന്നീ വിവരങ്ങൾ പൂർണ്ണമായി ചേർക്കുന്നില്ല.

4) സെന്റ് ബേസിൽ ഗ്രാനൈറ്റ്സ് എന്ന ക്വാറിയുടെ അപേക്ഷയോടൊപ്പം മൈനിങ്ങ് & ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതിപത്രം ലഭ്യമാക്കിയിട്ടില്ല.

5) പൊടിപ്പാറ ഗ്രാനൈറ്റ്സ് എന്ന ക്രഷറിന്റെ അപേക്ഷയിൽ യന്ത്രശക്തി രേഖപ്പെടുത്തിയിട്ടില്ല – 2,000/- രൂപ മാത്രമാണ് ഫീസായി ഈടാക്കിയിട്ടുള്ളത്, യന്ത്രശക്തിയുടെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. അപേക്ഷയോടൊപ്പം മലിനീകരണനിയന്ത്രണബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം, മൈനിങ്ങ് & ജിയോളജി വകുപ്പ് നൽകുന്ന കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ്ങ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ, 2015ലെ ചട്ടം 9 പ്രകാരമുള്ള ഫോം-ഡി സർട്ടിഫിക്കറ്റ്, ചട്ടം 13(1) Form G പ്രകാരമുള്ള ഡീലേഴ്സ് ലൈസൻസ്, ഫാക്ടറീസ് & ബോയ്‌ലേഴ്സ് ലൈസൻസ് എന്നിവ ഹാജരാക്കിയിട്ടില്ല.

6) ഒമേഗ പോളിമർ ട്രേഡ്സ് എന്ന സ്ഥാപനത്തിന്റെ അപേക്ഷയോടൊപ്പം മലിനീകരണ നിയന്ത്രണബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല.

7) മതിലകത്ത് ഫ്ലവർമിൽ എന്ന സ്ഥാപനം 06/09/18 തീയതി ലൈസൻസിനായി സമർപ്പിച്ച അപേക്ഷയിൽ 2014-15 മുതൽ 2018-19 വരെയുള്ള കാലയളവിലേക്കായി രശീതി നം.118060103826/11.9.18 പ്രകാരം 3,550/- രൂപ ഈടാക്കിയിരിക്കുന്നു. മുൻവർഷങ്ങളിൽ ലൈസൻസ് എടുക്കാത്തതിന് പിഴ ഈടാക്കുന്നതിന് പകരം മുൻകാലപ്രാബല്യത്തോടെ ലൈസൻസ് അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. മുൻകാല പ്രാബല്യത്തോടെ ലൈസൻസ് അനുവദിക്കുന്നതിന് വ്യവസ്ഥയില്ലാത്തതും ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച മേൽ സർക്കാർ ഉത്തരവ് പാലിക്കുന്നതിന് നിഷ്കർഷ പുലർത്തേണ്ടതാണ്.

# 1-14 കെട്ടിട നിർമ്മാണ അനുമതി - സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് 12900/ആർ.എ.1/2015/തസ്വഭവ. തീയതി 02.12.2015 നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലർ പ്രകാരം കെട്ടിടനിർമ്മാണ അനുമതിക്കുള്ള അപേക്ഷ രജിസ്റ്റർ ചെയ്യപ്പെടുന്നത് മുതൽ കെട്ടിടനിർമ്മാണം പൂർത്തിയായി ഒക്യുപൻസി നൽകുന്നത് വരെ അപേക്ഷയിൻമേൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. ടി സർക്കുലറിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

i. കെട്ടിടനിർമ്മാണ അപേക്ഷാ ഫയലിൽ നോട്ട് ഭാഗവും, കറസ്പോൻഡൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റ് രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയൽ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

ii. കുറിപ്പുകൾ അപേക്ഷയിൽത്തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ ടാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പറും പേജ് നമ്പറും രേഖപ്പെടുത്തേണ്ടതാണ്.

iii. അപേക്ഷകൾ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വെ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, പാർക്കിംഗ്, കവറേജ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിടനിർമ്മാണ നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോ എന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത റിപ്പോർട്ടിൽ സ്ഥലപരിശോധന നടത്തി അളവുകളും അതിരുകളും തിട്ടപ്പെടുത്തുന്നത്, സ്ഥലത്തിന്റെ പേര്, വാർഡ് നമ്പർ, സർവ്വെ/റീസർവ്വെ നമ്പർ, വിസ്തൃതി, വഴിയുടെ വീതി, സ്ഥലത്തിന്റെ തരം, ചുറ്റുവട്ടത്തെ വികസനം, പെർമിറ്റ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ, പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച കൃത്യമായ ശുപാർശ മുതലായവയും ഉൾപ്പെടുത്തേണ്ടതാണ്. പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മാണ സ്ഥലത്ത് പ്രായോഗിക തലത്തിൽ ലഭ്യമാണോ എന്ന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആവശ്യമെങ്കിൽ റിപ്പോർട്ടിനായി ഒരു മാതൃകാ ഫോർമാറ്റ് തയ്യാറാക്കി ഉപയോഗിക്കാവുന്നതാണ്.

iv. ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെ നോട്ടിൽ ഉടമസ്ഥതയ്ക്ക് ആധാരമായ രേഖകളുടെ പരിശോധന, അപേക്ഷകന്റെ ഉടമസ്ഥാവകാശം, അപേക്ഷയിലെ ഭൂമിയിലെ നിർമ്മാണാവകാശം എന്നിവ സംബന്ധിച്ച് പരാമർശം ഉണ്ടായിരിക്കേണ്ടതാണ്. നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കാവുന്ന പക്ഷം പെർമിറ്റ് ഫീസ് / കോമ്പൗണ്ടിംഗ് ഫീസ് സംബന്ധമായി കണക്കാക്കലുകൾ നോട്ടിൽ വ്യക്തമാക്കേണ്ടതും പെർമിറ്റ് നിരസിക്കുന്ന പക്ഷം വ്യക്തമായ കാരണങ്ങൾ നോട്ടിൽ രേഖപ്പെടുത്തേണ്ടതുമാണ്.

v. 30.10.2012 ലെ നമ്പർ 59177/ആർ.എ.1/2013/തസ്വഭവ., 30.12.2013 തീയതിയിലെ നമ്പർ 75419/ആർ.എ.1/2013/തസ്വഭവ എന്നീ സർക്കുലറുകളിൽ അനുശാസിക്കും പ്രകാരം ഫയലിലെ എല്ലാ കുറിപ്പുകളുടെയും സാക്ഷ്യപ്പെടുത്തലുകളുടെയും ഉത്തരവുകളുടെയും ചുവടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഫോൺ നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

vi. മതിയായ പെർമിറ്റ് ഫീസ് അടയ്ക്കുന്ന മുറയ്ക്ക് ഇതിന്റെ വിവരങ്ങൾ (രസീത് നമ്പർ, തീയതി, തുക എന്നിവ ഫയലിൽ രേഖപ്പെടുത്തി, കരട് പെർമിറ്റ് തയ്യാറാക്കി രജിസ്റ്ററിൽ വേണ്ട രേഖപ്പെടുത്തലുകൾ നടത്തി അംഗീകാരത്തിനായി അധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

vii. അനുവദിക്കപ്പെട്ട പെർമിറ്റ് കെ.എം.ബി.ആർ ലെ ചട്ടം 15എ/കെ.പി.ബി.ആർ.ലെ ചട്ടം 17 പ്രകാരം നീട്ടുന്നതിനോ (എക്സ്റ്റൻഷൻ) പുതുക്കുന്നതിനോ (റിന്യൂവൽ) അപേക്ഷ കാലേക്കൂട്ടി സമർപ്പിക്കപ്പെടുന്നുവെന്നും സമയപരിധിക്കുള്ളിൽ തന്നെ നീട്ടിയ/പുതുക്കിയ പെർമിറ്റ് അനുവദിക്കപ്പെടുന്നുവെന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. കാലതാമസമുണ്ടാകുന്നപക്ഷം മതിയായ വിശദീകരണം ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്. നീട്ടിയ/പുതുക്കിയ പെർമിറ്റിൽ കാലഹരണപ്പെട്ട പെർമിറ്റിന്റെ പരാമർശം ഉണ്ടായിരിക്കേണ്ടതാണ്. പെർമിറ്റിന്റെ കാലാവധി നീട്ടുന്നതായുള്ള സാക്ഷ്യപത്രങ്ങൾ, കാലഹരണപ്പെട്ട പെർമിറ്റിൽ തന്നെ പുതിയ കാലാവധി രേഖപ്പെടുത്തലുകൾ നൽകുന്ന രീതികൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

viii. നിലവിൽ സാധുവായ പെർമിറ്റുള്ള പ്ലോട്ടിൽ മറ്റൊരു നിർമ്മാണത്തിന് അനുമതിക്കായി അപേക്ഷ ലഭിക്കുമ്പോൾ നിലവിലെ എല്ലാ നിർമ്മാണങ്ങളും (പൂർത്തിയായവയുടെ നമ്പർ, നിർമ്മാണത്തിലിരിക്കുന്നവയുടെ പെർമിറ്റ് നമ്പർ, ഇവ സഹിതം) പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഒരേ സ്ഥാനത്ത് സാധുവായ രണ്ട് പെർമിറ്റുകൾ ഒരേ സമയം ഉണ്ടാകാൻ പാടുള്ളതല്ല. ആവശ്യമുള്ള പക്ഷം പെർമിറ്റ് സറണ്ടർ ചെയ്ത ശേഷം ആയത് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം മാത്രമേ പുതിയ പെർമിറ്റ് നൽകാവൂ.

എന്നാൽ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ കെട്ടിടനമ്പർ അനുവദിച്ചവയുടെ ഫയലുകൾ പരിശോധിച്ചതിൽ കെട്ടിടനിർമ്മാണ അനുമതി മുതൽ നമ്പറിംഗ് വരെയുള്ള നടപടികളിൽ മേൽ സർക്കുലറിലെ പല നിർദ്ദേശങ്ങളും പാലിക്കപ്പെട്ടിട്ടില്ല എന്ന് കാണുകയുണ്ടായി. 30.11.2018 വരെയുള്ള പെർമിറ്റ് രജിസ്റ്ററായി സങ്കേതത്തിൽ നിന്നും ലഭിക്കുന്ന പ്രിന്റ് എടുത്ത് സൂക്ഷിക്കുകയാണ് ചെയ്തിരിക്കുന്നത്, ഇതിൽ വിസ്തീർണ്ണം, കവറേജ്, തറവിസ്തീർണ്ണാനുപാതം, പെർമിറ്റ് ഫീ, രശീതി നമ്പർ എന്നീ കോളങ്ങൾ പലതിലും രേഖപ്പെടുത്തപ്പെട്ടു കാണുന്നില്ല. യഥാർത്ഥത്തിൽ സങ്കേതത്തിലൂടെയുള്ള അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും ചേർക്കുമ്പോൾ മാത്രമേ സേവ് ചെയ്യപ്പെടൂ. മറിച്ച് അപേക്ഷകളിൽ വിവരങ്ങൾ ചേർക്കുകയും രജിസ്റ്റർ പ്രിന്റ് എടുക്കുമ്പോൾ വിവരങ്ങൾ വിട്ടു പോകുകയും ചെയ്യുന്ന അപാകത സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും പരിഹരിക്കേണ്ടതുമാണ്.

# 1-15 വസ്തുനികുതി ഈടാക്കുന്നത് സംബന്ധിച്ച അപാകതകൾ

വസ്തുനികുതി നിർണ്ണയ ഫയലുകളിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കുമ്പോൾ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ തീ.09/07/15 പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ച രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്നും 1975-ലെ കേരള കെട്ടിട നികുതി നിയമം വകുപ്പ് 5(എ) പ്രകാരമുള്ള ആഡംബര നികുതി ബാധകമായ കെട്ടിടങ്ങൾക്ക് മുൻ ധനകാര്യ വർഷത്തെ ആഡംബര നികുതി ഒടുക്കിയ രസീതിന്റെ പകർപ്പ് ഹാജരാക്കിയാൽ മാത്രം വസ്തുനികുതി അടവാക്കി രസീത് നൽകാവൂ എന്നും അനുശാസിക്കുന്നു. എന്നാൽ വസ്തുനികുതി നിർണ്ണയ ഫയലുകളിൽ മേൽ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ കെട്ടിട നികുതി അടവാക്കിയതിന്റെ രശീതി ഹാജരാക്കുന്നതായി കാണുന്നില്ല.

2) ജയപ്രകാശ്, അരയംകോട്ടിൽ വീട്, ചൂലിപ്പാടം എന്നവർക്ക് 297.05ച.മീ പാർപ്പിട നിർമ്മാണത്തിനായി നം.സി4-547/2013-14 തീ.13.05.2013 പ്രകാരം എൻ.ഒ.സി നൽകിയിരുന്നു. 13.07.2018ന് 320.87ച.മീ പാർപ്പിട നിർമ്മാണം പൂർത്തിയാക്കി ഒക്യുപ്പൻസി സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിക്കുകയും IX/180D നമ്പർ നൽകി വസ്തുനികുതി ഈടാക്കുകയും ചെയ്തിരിക്കുന്നു. എൻ.ഒ.സി യിൽ അനുവദിച്ചിരിക്കുന്ന പരിധിയായ 300ച.മീ വിസ്തീർണ്ണം അധികരിച്ചതിനാൽ പ്രസ്തുത നിർമ്മാണം ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും മുഴുവൻ നിർമ്മാണത്തിനും ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതുമാണ്.

3) അന്ന ഷാജി, എടപ്പാറ വീട്, എടപ്പലം എന്നവർക്ക് കെട്ടിടനിർമ്മാണ അനുമതി നം.ബി4-8890/15 തീ.12.11.15 പ്രകാരം സർവ്വേ നം.883/1(190ച.മീ), 883/2(53ച.മീ.) എന്നിവയിൽ 469.41ച.മീ വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നു. പൂർത്തീകരണ സർട്ടിഫിക്കറ്റിലും പ്ലാനിലും സർവ്വേ നം.886/4 ൽ ഉൾപ്പെട്ട 194ച.മീ സ്ഥലം കൂടി ഉൾപ്പെടുത്തുകയും 56% കവറേജ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലം നിലം എന്നാണ് കൈവശാവകാശരേഖയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പീച്ചി വില്ലേജ് ഓഫീസറുടെ 26.12.18 തീയതിയിലെ റിപ്പോർട്ട് പ്രകാരം 883/1, 883/2 സർവ്വേ നമ്പറുകളിലാണ് കെട്ടിടം പൂർത്തീകരിച്ചിരിക്കുന്നത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇത് പ്രകാരം ഭൂമിയുടെ വിസ്തീർണ്ണവും അളവുകളും രേഖപ്പെടുത്തി പൂർത്തീകരണ പ്ലാൻ പുതുക്കി സമർപ്പിക്കുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥലപരിശോധനാ റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. മേൽപ്രകാരമാണെങ്കിൽ ഭൂമിയുടെ വിസ്തീർണ്ണം കുറയുമെന്നതിനാൽത്തന്നെ കവറേജ് പരിധി അധികരിക്കപ്പെടുന്നതുമാണ്, ആയതും പരിശോധിക്കപ്പെടേണ്ടതാണ്.

മേൽ അപാകതകൾസ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ധനാകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) 2018-19 സാമ്പത്തിക വർഷത്തെ വേക്കൻസി റെമിഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ഒന്നാം അർദ്ധവർഷം 18,019/- രൂപയും, രണ്ടാം അർദ്ധവർഷം 16,203/- രൂപയും (ആകെ 34,222/-) നികുതി ഒഴിവാക്കി നൽകിയതായി കാണുന്നു. എന്നാൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്

പരിശോധിച്ചതിൽ ഇത് സംബന്ധിച്ച തീരുമാനം എടുത്തതിന്റെ വിവരം ലഭ്യമല്ല. അത് പോലെത്തന്നെ ഡിമോളിഷ്ഡ് ബിൽഡിംഗ്സ്, എക്സ്-സർവ്വീസ്മെൻ നികുതി ഒഴിവാക്കൽ എന്നിവ സംബന്ധിച്ചും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം എടുത്തതിന്റെ വിവരം മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.16/29.02.2020 നമ്പർ മറുപടിയിൽ സാധൂകരണം വാങ്ങുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്.

2) ഗ്രാമപഞ്ചായത്തുകളിലെ ബജറ്റ് രൂപീകരണം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 214 പ്രകാരം സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്. ബജറ്റ് രൂപീകരണത്തിന്റെ പ്രാരംഭ നടപടിയായി സെക്രട്ടറി ഉദ്യോഗസ്ഥരുടെ/ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കേണ്ടതും ചർച്ചകൾ നടത്തി ബജറ്റ് നിർദ്ദേശങ്ങൾ നിശ്ചിത ഫോർമാറ്റിൽ സ്വീകരിക്കേണ്ടതുമാണ്. ബജറ്റ് നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകേണ്ടതും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും ജനുവരി 15-ാം തിയ്യതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് കൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് തയ്യാറാക്കി ഭരണ സമിതി അംഗീകാരത്തിന് സമർപ്പിക്കുന്നതായി 06.03.2018 തീയതിയിലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സിൽ ചേർത്തിട്ടുണ്ട്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ചോ നിർദ്ദേശങ്ങൾ ലഭ്യമായത് സംബന്ധിച്ചോ മിനിറ്റ്സിൽ രേഖപ്പെടുത്തുന്നില്ല. ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

# 1-17 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 204 (i) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു കമ്പനിയിൽ നിന്നും, 204 (ii) വകുപ്പ് പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ ബിസിനസ്സിലോ ഏർപ്പെട്ട ഏതൊരാളിൽ നിന്നും പരമാവധി നിർണ്ണയിക്കപ്പെട്ട നിരക്കുകളിൽ കവിയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് അനുശാസിക്കുന്നു. ഇത് പ്രകാരം പഞ്ചായത്തിലെ തൊഴിൽനികുതി ഈടാക്കുന്നത് സംബന്ധിച്ച താഴെ പറയുന്ന അപാകതകൾ കാണുന്നു.

A) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയത് പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

1) വെസ്റ്റേൺ റബ്ബർ ഇൻഡസ്ട്രീസ്, XI/266 – 5 ജീവനക്കാർ
2) ദിവ്യ ഫ്യുവൽസ്, III/1022 – 8 ജീവനക്കാർ
3) ലാലീസ് ഹൈപ്പർമാർക്കറ്റ്, III/758, 765 – നാൽപ്പതിനടുത്ത്
4) ഒമേഗ പോളിമർ ട്രെഡ്സ് – 13 ജീവനക്കാർ
5) പുണ്യ ഫ്യുവൽസ് – 15 ജീവനക്കാർ
6) ഫുഡ് & ഫൺ റസ്റ്റോറന്റ്, III/758G – 15 ജീവനക്കാർ
7) ഭാരത് പെട്രോളിയം, XXII/181 – 30 ജീവനക്കാർ

B) കരാറുകാർ, അഭിഭാഷകർ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

പഞ്ചായത്തിലെ പ്രവൃത്തികൾ കരാറെടുത്ത താഴെ പറയുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല.

ഇ.എം.ഷാജി, ഷാജു.എ.കെ, ജോസ്.പി.ഡി, എൽദോസ് കുര്യൻ, ഷാജി.കെ.എം, പൗലോസ്.കെ.ഇ, വിനു.കെ.വി, സജിമോൻ.ഐ.പി, ഷിബു.പി.ഇ, റോയ്.കെ.എം, ജോഷി.കെ.എ, വിജയൻ.സി.കെ, പ്രസീദ്.പി.ടി, മജീദ്.വി.എം, ടോജോ.കെ.എ, സുനിൽകുമാർ.കെ.വി, ഷെജിമോൻ.പി.ബി, രാജൻ.പി.എ, മണികണ്ഠൻ, ജോർജ്ജ്.എം.വൈ – ഇത്തരം കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

C) ഗ്രാമപഞ്ചായത്തിലെ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. അർദ്ധവാർഷിക വേതനം കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 205 (ബി), (സി) എന്നീ വകുപ്പുകൾ പ്രകാരം നോട്ടീസ് നൽകി പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 ലോഗ് ബുക്ക് യഥാവിധി പരിപാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ലോഗ്ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കിയെങ്കിലും ആയത് യഥാവിധി പരിപാലിക്കുന്നതായി കാണുന്നില്ല. ലോഗ്ബുക്കിൽ എവിടേയും വാഹനത്തിന്റെ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ഇന്ധനം നിറയ്ക്കുന്നതിന്റെ യാതൊരു വിവരങ്ങളും ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. എല്ലാ മാസവും ഏകദേശം 15000/- രൂപ ഇന്ധനം നിറയ്ക്കുന്നതിനായി ചെലവഴിക്കുന്നുണ്ട്. ഇന്ധന ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. വാഹനത്തിന് അറ്റകുറ്റപണിക്കായി പലപ്പോഴും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ വിവരങ്ങൾ ഒന്നും തന്നെ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. തൻവർഷം ഇന്ധന ക്ഷമത നടത്തിയതിന്റെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സർക്കുലർ നം.41/2008/ധനം തീ.02.08.2008 പ്രകാരമുള്ള നടപടിക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 പ്രോജക്റ്റ് നിർവ്വഹണ ഘട്ടത്തിൽ അംഗീകാരമില്ലാതെ മാറ്റം വരുത്തി.

പ്രോജക്റ്റ്-10/19, ജാതിക്ക് ജൈവവള വിതരണം, ജാതി തൈ വിതരണം

നിർവ്വഹണം- കൃഷി ഓഫീസർ

| ട്രഷറി ബിൽ | തീയതി | തുക | |
|---|---|---|---|
| | | | |

| നമ്പർ | | | |
|---|---|---|---|
| 10/ KBP 10/18-19 | 27/11/2018 | 5,00,000 | 196 ഗുണഭോക്താക്കൾ വളം വാങ്ങിയ തുകയുടെ 50% തുക, അവർക്ക് സബ്സിഡിയായി നല്കിയത്. |

ഈ പ്രോജക്റ്റ് പ്രകാരം ജൈവവളം വിതരണം ചെയ്യുന്നതിനും ജാതി തൈ വിതരണം ചെയ്യുന്നതിനുമായി യഥാക്രമം 3,50,000/- രൂപയും 1,50,000/- രൂപയും നീക്കി വെച്ചിരുന്നു. എന്നാൽ പ്രോജക്റ്റ് നടപ്പാക്കിയപ്പോൾ 5,00,000/- രൂപ മുഴുവനായും ജാതിക്ക് വളം വാങ്ങിയ ഗുണഭോക്താക്കൾക്ക് സബ്സിഡി നല്കാനാണ് ഉപയോഗിച്ചത് എന്ന് കാണുന്നു. വളം വാങ്ങിയതിന് സബ്സിഡി നല്കിയപ്പോൾ തന്നെ പ്രോജക്റ്റിന് വകയിരുത്തിയ തുക കഴിഞ്ഞതിനാൽ ജാതി തൈ വിതരണം നടത്തിയില്ല എന്ന് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം അംഗീകൃത പ്രോജക്റ്റിൽ നിന്നും വ്യതിചലിച്ച് പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല. വിവിധ ഘട്ടങ്ങളിലൂടെ രൂപീകരിച്ച പ്രോജക്റ്റ്, നിർവ്വഹണ ഘട്ടത്തിൽ അംഗീകാരമില്ലാതെ മാറ്റം വരുത്തുന്നത് ഉചിതമല്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 6 തീ. 27/2/2020)

# 1-20 കൃഷി ഓഫീസർ -ഗുണഭോക്തൃവിഹിതം -രസീത് നല്കുിയില്ല-യഥാസമയം പഞ്ചായത്ത് ഫണ്ടിൽ അടച്ചില്ല.

പ്രോജക്റ്റ് 13/19-ഫലവൃക്ഷതൈ വിതരണം

നിർവ്വഹണം- കൃഷി ഓഫീസർ

ചെലവ് വിവരങ്ങൾ

| ട്രഷറി ബിൽ നമ്പർ | തീയതി | തുക | |
|---|---|---|---|
| 40/ KBP 40/18-19 | 14/03/2019 | 1,50,000 | ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് 6 ഇനം ഫലവൃക്ഷതൈകൾ എണ്ണം വീതം വാങ്ങിയതിന്റെ വില, 1,50,000 രൂപ VFPCK KRISHI BUSINESS KENDRA,ERNAKULAM ന് നല്കിയത്. ഇൻവോയ്സ് EKM/KBK/18-19/245 തീ 11/2/2019 |
| ഗുണഭോക്തൃവിഹിതം അടവാക്കിയിട്ടില്ല | ഗുണഭോക്തൃവിഹിതം അടവാക്കിയിട്ടില്ല | ഗുണഭോക്തൃവിഹിതം അടവാക്കിയിട്ടില്ല | ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് ഫലവൃക്ഷതൈകൾ എണ്ണം വീതം വാങ്ങിയതിന്റെ വില, 51,250 രൂപ VFPCK KRISHI BUSINESS KENDRA,ERNAKULAM ന് നല്കിയത്. ഇൻവോയ്സ് EKM/KBK/148 തീ 15/7/2019 |

പ്രോജക്റ്റ് പ്രകാരം 1,50,000/- രൂപ സബ്സിഡിയും 50,000/- രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പടെ 2,00,000/- രൂപയുടെ ഫലവൃക്ഷതൈ വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിരുന്നത്.

മേൽ പ്രോജക്റ്റ് പ്രകാരം VFPCK KRISHI BUSINESS KENDRA ERNAKULAM ൽ നിന്ന് KBK/Ekm/148 തീ 15/7/19 നമ്പർ ഇൻവോയ്സ് പ്രകാരം 50 ഫലവൃക്ഷതൈകൾ 51,250/- രൂപക്ക് വാങ്ങിയിട്ടുണ്ട്. നേരത്തെ 1,50,000/- രൂപയുടെ ഫലവൃക്ഷതൈകൾ വാങ്ങിയിട്ടുള്ളതും മുഴുവൻ തുകയും പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുള്ളതുമാണ്. ആയതിനാൽ 51,250/- രൂപ അടവാക്കേണ്ടത് ഗുണഭോക്തൃവിഹിതത്തിൽ നിന്നും ആണ്. ഗുണഭോക്തൃ വിഹിതത്തിൽ 10,250/- രൂപ 2018-19 സാമ്പത്തികവർഷം പിരിച്ചെടുത്തിട്ടുള്ളതും പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ളതുമാണ്. ബാക്കി ഗുണഭോക്തൃ വിഹിതം 41,000/- രൂപ പിരിച്ചെടുത്തതിന്റെയും പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിരിക്കുന്നതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പിരിച്ചെടുത്തതിന്റെ വിവരങ്ങൾ | | | പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ വിവരങ്ങൾ | | |
|---|---|---|---|---|---|
| രസീത് ബുക്ക് നമ്പർ | രസീത് നമ്പർ | തുക | രസീത് നമ്പർ | തീയതി | തുക |
| 36968,<br>36969 | 1 മുതൽ 100 വരെ<br>1 മുതൽ 61 വരെ | 41,000 | 119060110868 | 28/2/2020 | 41,000 |

ഗുണഭോക്തൃവിഹിതം 41,000/- രൂപ പിരിച്ചെടുത്തതിലും പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിലും താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1.15/7/2019 ൽ വാങ്ങിയ ഫലവൃക്ഷത്തൈകൾ പൂർണമായും വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഉണ്ടെങ്കിലും ഗുണഭോക്തൃ വിഹിതം 41,000/- രൂപ ഒറ്റത്തവണയായി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയത് 28/2/2020 ൽ മാത്രമാണെന്ന് കാണുന്നു. ഗുണഭോക്തൃ വിഹിതം

എന്നാണ് പിരിച്ചെടുത്തതെന്ന് വ്യക്തമല്ല. രസീതുകളിൽ ഒന്നും തന്നെ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. രസീതിൽ ആകെ തുക അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തുന്നില്ല. 7/19 ൽ ലഭ്യമാക്കിയ വൃക്ഷത്തൈകളുടെ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തപ്പോൾ കൃത്യമായി തീയ്യതി രേഖപ്പെടുത്തി രസീതു നല്കിയില്ല എന്നും പഞ്ചായത്ത് ഫണ്ടിൽ യഥാസമയം തുക അടവാക്കിയില്ല എന്നും ഓഡിറ്റ് വിലയിരുത്തുന്നു. തുക പിരിച്ചെടുത്ത ശേഷം ഏകദേശം 6 മാസം വൈകിയാണ് തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയത് എന്ന് കാണുന്നു.

2.രസീത് നമ്പർ 15/36969 ൽ സുന,കണിയാം പറമ്പിൽ എന്നയാൾക്ക് നല്കിയ രസീതിൽ തുക രേഖപ്പെടുത്തിയിട്ടില്ല.(ഗുണഭോക്തൃ വിഹിതം ആയതിനാൽ 258 രൂപ നിരക്കിൽ കണക്കിലെടുത്താണ് 41,000/- രൂപ കണക്കാക്കിയിരിക്കുന്നത്)

3.15/7/2019 ൽ വാങ്ങിയ ഫലവൃക്ഷതൈകളുടെ വില നാളിതു VFPCK KRISHI BUSINESS KENDRA ERNAKULAM ന് നല്കിയിട്ടില്ല.

ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് കളക്ഷൻ നടത്തിയതെന്നും രസീതിൽ തീയ്യതി ചേർക്കാൻ വിട്ടുപോയതാണെന്നും ശ്രീമതി സുന കണിയാംപറമ്പിൽ ന്റെ രസീതിയിൽ തുക എഴുതാൻ വിട്ടുപോയതാണെന്നും, ഗുണഭോക്തൃവിഹിതം ഈ സാമ്പത്തികവർഷം തന്നെ പിൻവലിച്ച് സ്ഥാപനത്തിന് നല്കുമെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 20(2)(എ) പ്രകാരം നിർവ്വഹണോദ്യഗസ്ഥർ പിരിച്ചെടുക്കുന്ന രസീത് നല്കേണ്ടതും ഈ തുക ചട്ടം 16(2) പ്രകാരം അടുത്ത പ്രവൃത്തിദിവസം പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. എന്നാൽ മേൽ പ്രകാരം പ്രവർത്തിക്കുന്നതിന് നിർവ്വഹണോദ്യഗസ്ഥന് വീഴ്ചയുണ്ടായതായി കാണുന്നു. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 6 തീ.27/2/2020, 14 തീയ്യതി 29/2/2020)

# 1-21 അസിസ്റ്റന്റ് എഞ്ചിനീയർക്ക് പുനർനിയമനം- വിരമിച്ച ഉദ്യോഗസ്ഥൻ ട്രഷറി ബിൽ ബുക്ക് ഉപയോഗിച്ച് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പണം പിൻവലിച്ച് ചെലവ് നടത്തി.

ഫയൽ നമ്പർ - ബി1 – 6278

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.പി.ഐ ഹംസ 31.05.2017ന് സേവനത്തിൽ നിന്നും വിരമിക്കുകയും പഞ്ചായത്ത് കമ്മിറ്റിയുടെ 7/6/2017 ലെ 1 നമ്പർ തീരുമാന പ്രകാരം ശ്രീ.ഹംസക്ക് ഒരുമാസത്തേക്ക് പുനർനിയമനം നല്കുകയും ചെയ്തു. മേൽ തീരുമാനം പ്രകാരം ഡിപ്പാർട്ട്മെന്റിൽ നിന്നും പുതിയ അസിസ്റ്റന്റ് എഞ്ചിനീയറെ ലഭിക്കുന്നതുവരെ താത്കാലിക അടിസ്ഥാനത്തിൽ പുതിയ എഞ്ചിനീയറായി നിയമിക്കപ്പെടാൻ യോഗ്യതയുള്ള എഞ്ചിനീയർമാരിൽ നിന്നും അപേക്ഷ സ്വീകരിച്ച് പത്രപരസ്യം നല്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഗ്രാമപഞ്ചായത്തിലെ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള ജോലിഭാരം കണക്കിലെടുത്തും ഒല്ലൂക്കര തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ E1/AEE/LSGDOLK/2017 തീ 05/6/017 പ്രകാരമുള്ള ശുപാർശ പ്രകാരമാണ് പഞ്ചായത്ത് ഭരണസമിതി ഈ തീരുമാനമെടുത്തിട്ടുള്ളത് എടുത്തിട്ടുള്ളത്. മാത്രമല്ല സ.ഉ(സാധാ) 3318/12/തസ്വഭവ തീ 1/12/12നമ്പർ ഉത്തരവിന് വിധേയമായാണ് നിയമനം എന്നും തീരുമാനത്തിൽ പരാമർശമുണ്ട്. തുടർന്ന് അഭിമുഖം നടത്തി ശ്രീ.ഹംസയെ തുടർന്നുള്ള കാലയളവിലേക്ക് നിയമിച്ചു. 1/7/2017 മുതൽ 29/8/2018 വരെയാണ് ശ്രീ.ഹംസ കരാർ അടിസ്ഥാനത്തിൽ സേവനത്തിൽ {1/11/17 മുതൽ 7/11/17 വരെ ഒഴികെ (ഇക്കാലയളവിൽ ശ്രീ റോയ് എം.കെ )}തുടർന്നത്.
സേവനത്തിൽ നിന്നും വിരമിച്ച ഈ ഉദ്യോഗസ്ഥൻ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യവേ ഫണ്ടിന് റിക്വസ്റ്റ് അയക്കുകയും, പ്രസിഡണ്ട്, സെക്രട്ടറി എന്നിവർ അംഗീകരിച്ച് നൽകുകയും ആയത് ശ്രീ.ഹംസ, അസിസ്റ്റന്റ് എഞ്ചിനീയർ/DDO എന്ന നിലയിൽ ട്രഷറിയിൽ സമർപ്പിക്കുകയും കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ബില്ലുകൾ മാറുകയും ചെയ്തിട്ടുണ്ട്. വിരമിച്ച ശേഷവും എല്ലാ ബില്ലുകളിലും സീലുകളിലും അസിസ്റ്റന്റ് എഞ്ചിനീയർ എന്ന പദവിയാണ് ശ്രീ.ഹംസ ഉപയോഗിച്ചിരിക്കുന്നത്. മേൽ സർക്കാർ ഉത്തരവ് പ്രകാരം കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്നവരെ DDO മാരായി നിയോഗിക്കാൻ അനുവദിച്ചിട്ടില്ലാത്തതും ഇത്തരം സാഹചര്യത്തിൽ സെക്രട്ടറി ബില്ലുകൾ മാറി നല്കേണ്ടിയിരുന്നതുമാണ്. ഉദ്യോഗസ്ഥൻ വിരമിച്ച വിവരം ട്രഷറിയിൽ അറിയിക്കാതെ അദ്ദേഹത്തെ DDO ആയി തുടരാനനുവദിച്ചത് നിയമവിധേയമല്ല. ഈ വിഷയത്തിൽ മറുപടി ലഭ്യമാക്കുന്നതിലേക്കായും ഇത്തരം നിയമപരമല്ലാത്ത നടപടികൾ ഭാവിയിൽ ഒഴിവാക്കുന്നതിലേക്കായും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് എൻക്വയറി -22 തീ 2/3/20 , മറുപടി ലഭ്യമാക്കിയിട്ടില്ല.)

# 1-22 ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

2018-19 വർഷത്തിൽ എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വിവിധ പദ്ധതികളിലെ അപാകതകൾ താഴെ കൊടുക്കുന്നു.

a) സാക്ഷരത തുല്യത – പഠിതാക്കളുടെ ഫീസ് നൽകൽ.

പ്രോജക്ട് നം - s0091/19.

vr.no.21801892, dtd.25.3.19, തുക –150000/- (തനത് ഫണ്ട്)

മേൽ പ്രോജക്ടിൽ വ്യക്തികൾ, സ്ഥാപനങ്ങൾ ഉൾപ്പെടെ 18 പേർക്ക് 150000/- രൂപ അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.തുല്യത പരീക്ഷ ഏതൊക്കെ ക്ലാസ്സുകളിലേക്കാണെന്നുള്ള വിവരം പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടില്ല. തുല്യത പഠിതാക്കളുടെ അപേക്ഷകൾ, രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ, ഹാജർ പട്ടിക എന്നിവ ഹാജരാക്കിയിട്ടില്ല. സാക്ഷരത മിഷന് കോഴ്സ് ഫി നൽകിയതിന്റേയും. വിവിധ വ്യക്തികൾക്ക് തുക

നൽകിയതിന്റേയും കൈപറ്റ് രശീത്/ യൂടിആർ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല. തുല്യത പരീക്ഷയുടെ കോഴ്സ് ഫീ അടവാക്കൽ എന്ന പ്രോജക്ടിൽ വ്യക്തികളുടെ അക്കൗണ്ടുകളിലേക്ക് പണം നൽകുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി 5 നുള്ള മറുപടിയിൽ 29 പത്താം ക്ലാസ് തുല്യത വിദ്യാർത്ഥികളുടേയും 41 പ്ലസ്ടു തുല്യതാ പഠിതാക്കളുടേയും കോഴ്സ് ഫീസ് അടവാക്കുന്നതിന് ജില്ലാ സാക്ഷരതാ മിഷൻ ഡയറക്ടറുടെ കത്ത് പ്രകാരം അടച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾക്ക് തൃപ്തികരമായ മറുപടി രേഖാമൂലം ഹാജരാക്കുന്നത് വരെ ചെലവ് തുക 150000/ - രൂപ തടസ്സപ്പെടുത്തുന്നു.

ബി) ലാപ്ടോപ്പ് വിതരണം (എസ്. ടി.)

പ്രോജക്ട് നം.s066/19.

ട്രഷറി ബിൽ നം.3/18-19, dtd.22.03.19, തുക -278990/-

ഷാർപ് സിസ്റ്റംസ് & സർവ്വീസസ് എന്ന സ്ഥാപനത്തിൽ നിന്നും 10 ലാപ് ടോപ്പുകൾ വാങ്ങിയതിന് മേൽ തുക ചെലവഴിച്ചിട്ടുണ്ട്. പരിശോധനയ്ക്കായി 9 വിദ്യാർത്ഥികളുടെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവ് (കൈ) 22/2018/ തസ്വഭവ, തീ.14.2.2018 ഖ.നം.7.2.18.പ്രകാരം ഒരു വിദ്യാർത്ഥിക്ക് ഒറ്റ തവണ മാത്രമാണ് ആനുകൂല്യത്തിന് അർഹതയുള്ളത് ആയത് ഉറപ്പാക്കേണ്ടതും മറ്റു വകുപ്പുകളിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്. ലാപ്ടോപ്പ് വിതരണം ചെയ്തപ്പോൾ 3 വിദ്യാർത്ഥികൾ ഒഴികെയുള്ള മറ്റു വിദ്യാർത്ഥികളുടെ കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല. ഷാർപ്പ് സിസ്റ്റംസ് & സർവ്വീസസ് എന്ന സ്ഥാപനത്തിന്റെ കൈപ്പറ്റ് രശീത്/യൂടിആർ സ്റ്റേറ്റ്മെന്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി 5 നുള്ള മറുപടിപ്രകാരം ശ്രുതി എന്ന കുട്ടിയുടെ അപേക്ഷ ഹാജരാക്കിയിരുന്നു. എന്നാൽ ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ശ്രുതി ഉൾപ്പെടുന്നില്ല. ഗുണഭോക്തൃ ലിസ്റ്റിൽ പഞ്ചായത്ത് കമ്മറ്റി തീരുമാനം നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകതകളുടേയും രേഖകളുടെ അഭാവത്തിലുംചെലവ് തുക 278990/- രൂപ തടസ്സപ്പെടുത്തുന്നു.

സി) പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം.

പ്രോജക്ട് നം. - s0067/19

ട്രഷറിബിൽ നം. 17/18 -19, dtd. 27.3.19, തുക -48877/ -

പെൺകുട്ടികളുടെ കരാട്ടെ പരിശീലനത്തിനായി 2018-19വർഷത്തിൽ 48877/- രൂപ ചെലഴിച്ചിട്ടുണ്ട്. പരിശീലനം നടത്തിയതിന്റെ ഹാജർ ഹാജരാക്കിയിട്ടില്ല. കരാട്ടെ പരിശീലനം നൽകിയതിന് ശ്രീ.നിഖിൽ V.C എന്നയാൾക്ക് പരിശീലന ഫീസായി 38400/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടിയാളുടെ യോഗ്യത സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പഞ്ചായത്തിന്റെ കീഴിൽ 4 സർക്കാർ സ്കൂളുകൾ നിലവിലുണ്ട്. എന്നാൽ പ്രൈവറ്റ് മാനേജ്മെന്റ് സ്കൂളുകളായ എ.യു.പി.എസ്.കണ്ണാറ, ഇ.കെ.യു.പി.എസ്. വാണിയമ്പാറ എന്നീ വിദ്യാലയങ്ങളിലെ കുട്ടികൾക്കാണ് പരിശീലനം നൽകിയിട്ടുള്ളത്. സർക്കാർ സ്കൂളുകളുകൾ ഉള്ളപ്പോൾ സ്വകാര്യ സ്കൂളുകളിലെ കുട്ടികൾക്ക് പരിശീലനം നല്കുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്. പരിശീലകന്റെ യോഗ്യത സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 38400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഡി.) സമ്മർ കോച്ചിംഗ്.

പ്രോജക്ട് നം. -s0068/19

vr.no.21801891, dtd.25.3.19, തുക -300000/ -

മേൽ പ്രോജക്ടിൽ നീന്തൽ പരിശീലന ഫീസിനത്തിൽ 30000/- രൂപ ശ്രീ.ജോയ്.ടി.ടി എന്നയാൾക്ക് നൽകിയിട്ടുണ്ട്. ശ്രീ.രമേഷ്.കെ.കെ എന്നയാൾക്ക് ഫുട്ബോൾ പരിശീലന ഫീസിനത്തിൽ 104500/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടിയാളുകളുടെ യോഗ്യത സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സ്പോർട്സ് ഗ്യാലറി എന്ന സ്ഥാപനത്തിൽ നിന്നും വിവിധ സ്പോർട്സ് സാമഗ്രികൾ വാങ്ങിയതിന് 72500/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. സമ്മർ കോച്ചിംഗ് എന്ന മേൽ പ്രോജക്ട് ഒക്ടോബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിലാണ് നടത്തപ്പെട്ടിട്ടുള്ളത്. സമ്മർ കോച്ചിംഗ് എന്ന പ്രോജക്ട് യഥാർത്ഥത്തിൽ വേനലവധിയിൽ നടത്തപ്പെടേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 207000/- രൂപ തടസ്സപ്പെടുത്തുന്നു.

ഇ.) വിദ്യാർത്ഥികൾക്ക് ഫർണീച്ചർ നല്കൽ (എസ്.ടി.)

പ്രോജക്ട് നമ്പർ -s0086/19.

ട്രഷറി ബിൽ നം. 5/2018-19, dtd.28.2.19, തുക -96021/ -

ട്രഷറി ബിൽ നം. 6/2018-19, dtd.28.2.19, തുക -103979/ -

മേൽ പ്രോജക്ടിൽ സ്റ്റെയിൻലെസ് സ്റ്റീൽ ചെയർ, പാർട്ടിക്കിൾ ബോഡി സ്റ്റഡി ടേബിൾ എന്നിവ വാങ്ങിയതിന് ആർട്ട്ക്കോ ലിമിററഡ് എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ കൈപറ്റ് രശീത്/യൂട്ടിആർ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷ, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

സ.ഉ.(കൈ) നം.22/2018/ തസ്വഭവ.തി.14.2.2018. ഖ.നം.7.2.7. പ്രകാരം ഒരു വിദ്യർത്ഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രമെ ഈ ആനുകൂല്യം നൽകാവൂ. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. രേഖകൾ കൃത്യമായി ഹാജരാക്കാത്തതിനാൽ എത്ര വിദ്യാർത്ഥികൾക്ക് ആനുകൂല്യം വിതരണം ചെയ്തു എന്ന് പരിശോധിക്കാനായില്ല. 2 ലക്ഷം രൂപയുടെ ബില്ല് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ആർട്ട്ക്കോയുടെ ഇൻവോയ്സ് പ്രകാരം 220747/- രൂപ ചെലവുള്ളതായി കാണുന്നു. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 200000/- തടസ്സപ്പെടുത്തുന്നു.

എഫ്.) വിദ്യാർത്ഥികൾക്ക് ഫർണീച്ചർ നൽകൽ.

പ്രോജക്ട് നം. - s0085/19.

ട്രഷറി ബിൽ നം.4/2018 -19, 28.2.19, തുക –20747/-

ട്രഷറി ബിൽ നം.7/2018 -19, 28.2.19, തുക –99344/ -

ട്രഷറി ബിൽ നം.8/2018 -19, 28.2.19, തുക –96021/-

ട്രഷറി ബിൽ നം.92018 -19, 28.2.19, തുക –91846/-

ട്രഷറി ബിൽ നം.10/2018 -19, 28.2.19, തുക –96021/-

ട്രഷറി ബിൽ നം.11/2018 -19, 28.2.19, തുക –96021/-

എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ നൽകൽ എന്ന പ്രോജക്ടിൽ മേൽ ട്രഷറി ബിൽ പ്രകാരമുള്ള 5 ലക്ഷം പിൻവലിച്ച് ആർട്ട്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. മേൽ പ്രോജക്ടിൽ സ്റ്റെയിൻലെസ് സറ്റീൽ ചെയർ, പാർട്ടിക്കിൾ ബോഡി സ്റ്റഡി ടേബിൾ എന്നിവ വാങ്ങിയതിന് ആർട്ട്കോ ലിമിററഡ് എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ കൈപ്പറ്റ് രശീത്/യു.ട്ടി.ആർ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷ, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

സ.ഉ.(കൈ) നം.22/2018/ തസ്വഭവ.തി.14.2.2018. ഖ.നം.7.2.7. പ്രകാരം ഒരു വിദ്യർത്ഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രമെ ഈ ആനുകൂല്യം നൽകാവൂ, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. രേഖകൾ കൃത്യമായി ഹാജരാക്കാത്തതിനാൽ എത്ര വിദ്യാർത്ഥികൾക്ക് ആനുകൂല്യം വിതരണം ചെയ്തു എന്ന് പരിശോധിക്കാനായില്ല. ഇൻവോയ്സ് നം.676 dtd.22.2.19. 124726/- എസ്.സി പ്രോജക്ട് ഫയലിലും, എസ്.ടി ഫയലിലും വെച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ എത്ര ഫർണിച്ചർ വാങ്ങി വിതരണം ചെയ്തു എന്ന് മനസ്സിലാക്കാൻ സാധിച്ചില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 5 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

# 1-23 മാനാങ്കോട് കുടിവെള്ള പദ്ധതി -പൂർത്തികരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രോജക്ട് നം. s0317/19.

എഗ്രിമെന്റ് നം.തീയതി. -160/17-18, dtd.31.3.18.

ട്രഷറി ബിൽ നമ്പർ -119/18-19, dtd.19.3.19, തുക –500000/ -

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

31.3.18 ൽ കരാർ വെച്ചിട്ടുള്ള മേൽ പ്രവൃത്തി നാളിതുവരെയായി പൂർത്തികരിച്ചിട്ടില്ല. ഡെപ്പോസിറ്റ് തുക എക്സി.എഞ്ചിനിയർ പി.എച്ച്.ഡിവിഷൻ, കെ.ഡബ്ല്യൂ.എ, തൃശ്ശൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 5 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-24 സാമൂഹ്യ സുരക്ഷ പെൻഷൻ - അപേക്ഷകളും രജിസ്റ്ററുകളും ഹാജരാക്കിയില്ല.

2018-19 വർഷത്തെ സാമൂഹ്യ സുരക്ഷ പെൻഷൻ പരിശോധനയ്ക്കായി ബന്ധപ്പെട്ട അപേക്ഷകളും അപേക്ഷ രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.17 പ്രകാരം രേഖകൾ ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. അന്വേഷണത്തിൽ തൻവർഷം രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല എന്നറിയാൻ കഴിഞ്ഞു. അപേക്ഷകളെല്ലാം തന്നെ ഐ.എസ്.ഒ.യുടെ ഭാഗമായി ഫയൽ ചെയ്തിരിക്കുകയാണെന്നാണ് അറിയിച്ചത്. സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൾ ലഭിക്കുമ്പോൾ തന്നെ പ്രത്യേകം അപേക്ഷ രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന് അന്വേഷണത്തിനായി നൽകേണ്ടതും തിരികെ ലഭിക്കുന്ന തീയതി എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. അപേക്ഷകൾ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച തീയതി, തിരസ്കരിച്ചതിന്റെ വിവരം, പെൻഷൻ അനുവദിച്ച തീയതി എന്നിവ രേഖപ്പെടുത്തേണ്ടതാണ്. മുകളിൽ പറഞ്ഞ രേഖകൾ ഹാജരാക്കാത്തതിനാൽ ഓരോ ഇനം സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ കൃത്യമായ വിവരങ്ങൾ ഓഡിറ്റിന് പരിശോധിക്കാനായില്ല. സാമൂഹ്യസുരക്ഷ പെൻഷൻ അപേക്ഷകളും, രജിസ്റ്ററുകളും യഥാ സമയം ഓഡിറ്റ് പരിശോധനയ്ക്കായി നല്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

# 1-25 ആശ്രയ പദ്ധതി - തുക വിനിയോഗിക്കാതെ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നു.

2018-19 വർഷത്തിൽ ആശ്രയ പദ്ധതിയുടെ നടത്തിപ്പിനായി താഴെ ചേർക്കും പ്രകാരം കുടുംബശ്രീ സി.ഡി.എസ്-നു തുക കൈമാറിയിട്ടുള്ളതാണ്

| പ്രോജക്ട് നം. | നിർവ്വഹണോദ്യോഗസ്ഥൻ | വൗച്ചർ/ബിൽ നം. | തുക |
|---|---|---|---|
| 95/2019 അഗതിരഹിതകേരളം പദ്ധതി വിഹിതം | സെക്രട്ടറി | 48/18.03.19 | 300000 |
| ചലഞ്ച് ഫണ്ട് | | 21800336/9.7.18 | 500000 |
| | | | |

| | |
|---|---|
| ആകെ | 800000 |

ആശ്രയ പദ്ധതിയുടെ സി.ഡി.എസ് ന്റെ പേരിലുള്ള വിവിധ അക്കൗണ്ടുകളിലെ 31-03-2019 തീയതിയിലെ ബാലൻസ് വിവരം താഴെ കാണിക്കുന്നു.

| | അക്കൗണ്ട് നമ്പർ | ബാലൻസ് |
|---|---|---|
| ആശ്രയ | 40290100103320, കേരള ഗ്രാമീൺ ബാങ്ക് | 10,67,995 |
| ചലഞ്ച് ഫണ്ട് | 7202, പാണഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 5,11,045/- |

സമൂഹത്തിലെ താഴെ തട്ടിലുള്ളവർക്കായി വിനിയോഗിക്കേണ്ട തുക, മേൽ വിവരിച്ച പ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും സി.ഡി.എസ്.ന്റെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടും വിനിയോഗിക്കാതെയിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.08/28.02.2020) നിലവിൽ തുക ഉപയോഗിച്ച് വരുന്നതായി അറിയിച്ചു. നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-26 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പരാമർശങ്ങൾ

1.താഴെ പറയുന്ന പ്രോജക്കുകളുടെ ചെലവ് രേഖകൾ /വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്. (ഓഡിറ്റ് എൻക്വയറി നം.13/20-02-2020).

| ക്രമ നം. | പ്രോജക്ടിന്റെ പേരു വിവരം | വൗച്ചർ നം/ ബിൽ നം | തുക (₹) | പരിശോധനയ്ക്ക്ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 279/2019 സുശാന്തം - വയോജന ക്ഷേമകേന്ദ്ര പ്രവർത്തനം | 7/ 25-06-2018 | 50,000 | ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 2 | 281/2019 വിജ്ഞാൻ സാഗർ - അനുബന്ധ പ്രവർത്തനങ്ങൾ വിഹിതം | 9/25-06-18 | 1,00,000 | ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 3 | 15/2019IKMവഹിതം നൽകൽ | 10/25-06-2018 | 227685 | IKMനിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 4 | 242/2019 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ &മോട്ടോർ വാർഡ് 15 | 29/ 17-10-2018 | 127000 | KWA-യിൽ നിന്നും പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം |
| 5 | 257/2019 കൂട്ടാല കരിപ്പകരോട്ടിച്ചാൽ പൈപ്പ് ലൈൻ അറ്റകുറ്റപ്പണി വാർഡ് 20 | 26/17-10-2018 | 100000 | KWA-യിൽ നിന്നും പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം |
| 6 | 241/2/019 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ വാർഡ് 14 | 28/17-10-2018 | 102000 | KWA-യിൽ നിന്നും പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം |
| 7 | 256/2019 പൈപ്പ് ലൈൻ നീട്ടൽ വാർഡ് | 27/17-10-2018 | 170000 | KWA-യിൽ നിന്നും പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം |
| 8 | 490/2019 പൊടിപ്പാറ മനയ്ക്കപ്പാടം ഉദയപുരം എസ്.സി കോളനി കുടിവെള്ള പദ്ധതി | ചെക്ക് നം 1986138/29.1.19 | 642172 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം KWA-യിൽ നിന്നും പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം |
| 9 | 437/2019 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 8/25-06-2018 | 43310 | KSEB,പട്ടിക്കാട്-ൽ നിന്നും പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം |
| | | 13/19-07-2018 | 12294 | |
| | | തനത് ഫണ്ട് | 15051 | |
| 10 | 20/2019സ്ട്രീററ് മെയിൻ ദീർഘിപ്പിക്കൽ | 53/18-03-2019 | 10394 | KSEB,പട്ടിക്കാട്-ൽ നിന്നും പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം |
| | | വൗച്ചർ നം.21801936/31-03-219 | 200000 | |
| | | | | |
| ആകെ | | | 1799906 | |

ചെലവ് രേഖകൾ /വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2.പട്ടിക വർഗ്ഗ കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ -ചെലവുരേഖകൾ ഹാജരാക്കിയില്ല.

പ്രൊജക്ട് നം.436/2019

ചെലവ് -96740/-(ട്രഷറി ബിൽ നം.5/29-05-2018)

ടി.പ്രൊജക്ടിന്റെ ഭാഗമായി മെ.അലുമിന ഇലക്ട്രോണിക്സിൽ നിന്നും 20വാട്ട്സിന്റെ എൽ.ഇ.ഡി സ്ട്രീററ് ലൈററ് 40 എണ്ണം വാങ്ങിയിട്ടുണ്ട്. എന്നാൽ ടി.വിളക്കുകൾ സ്ഥാപിച്ചതായി സ്ഥാപനമോ, കെ.എസ്.ഇ.ബി യോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 96,740/- രൂപ ചെലവ്

രേഖകൾ ഹാജരാക്കുന്നത് വരെ തടസ്സപ്പെടുത്തുന്നു.

3.തെരുവ് വിളക്ക് അറ്റകുററ പണികൾ,തെരുവ് വിളക്ക് അറ്റകുററ പണികൾക്ക് ഉപകരണങ്ങൾ വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

| പ്രൊജക്ട് നം./പേര് | ബിൽ നം./വൗച്ചർ നം./ തിയതി | തുക |
|---|---|---|
| 493/19തെരുവ് വിളക്ക് അറ്റകുററപ്പണികൾക്ക് ഉപകരണങ്ങൾ വാങ്ങൽ | വൗച്ചർ നം21801938/31-03-19 | 218062/- |
| 35/19 തെരുവ് വിളക്ക് അറ്റകുററപ്പണികൾക്ക് ഉപകരണങ്ങൾ വാങ്ങൽ | ബിൽ നം.23/26-09-18 | 42412/- |
| | ബിൽ നം.32/31-10-18 | 215895/- |
| | ബിൽ നം.37/28-11-18 | 59873/- |
| 38/19തെരുവ് വിളക്ക് അറ്റകുററപ്പണി-പീച്ചി മേഖല | വൗച്ചർ നം21801623/28-02-19 | 95000/- |
| | വൗച്ചർ നം21800926/29-07-18 | 82525/- |
| | വൗച്ചർ നം21801623/28-02-19 | 67475/- |
| | വൗച്ചർ നം21800708/26-10-18 | 160384/- |
| | വൗച്ചർ നം21801154/21-12-18 | 89616/- |
| 38/19തെരുവ് വിളക്ക് അറ്റകുററപ്പണി-പാണഞ്ചേരി മേഖല | വൗച്ചർ നം21800439/03-08-18 | 45585/- |
| | വൗച്ചർ നം21800700/21-12-18 | 115890/- |
| | വൗച്ചർ നം21801153/25-10-18 | 172370/- |
| | വൗച്ചർ നം21801410/01-03-19 | 66130/- |

മേൽ പ്രൊജക്ടുകൾ പ്രകാരം പഞ്ചായത്ത് തെരുവ് വിളക്ക് അറ്റകുററ പ്പണികൾക്കുള്ള ഉപകരണങ്ങൾ വാങ്ങി നിയമാനുസൃതം തെരഞ്ഞെടുത്ത കരാറുകാരന് നൽകിയിട്ടുണ്ട്.തെരുവ് വിളക്കിന്റെ സ്റ്റോക്ക് രജിസ്ററർ പരിശോധിച്ചത് പ്രകാരം കരാറുകാരന് ആവശ്യാനുസരണം ഇലക്ട്രിക് സാമഗ്രികൾ മുൻകൂറായി വിതരണം ചെയ്യുന്നതായിട്ടാണ് കാണുന്നത്.എന്നാൽ കരാറുകാരന്റെ ഇൻഡന്റോ,ആയതിൽ പ്രാഥമിക പരിശോധന നടത്തി സ്റ്റോക്ക് ഇഷ്യൂ ചെയ്യുന്നതിന് സെക്രട്ടറി ഉത്തരവിടുന്നതായോ, ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്റ്റോക്ക് രജിസ്ററിൽ രേഖപ്പെടുത്തൽ നടത്തി,കരാറുകാരനിൽ നിന്നും കൈപ്പറ്റ് രശീതി വാങ്ങി സ്റ്റോക്ക്ഇഷ്യൂ ചെയ്യുന്ന നടപടിക്രമം പഞ്ചായത്തിൽ പാലിച്ചിട്ടില്ല.അപേക്ഷ വാങ്ങുന്നതും,സ്റ്റോക്ക്ഇഷ്യൂ ചെയ്യുന്നതും,സ്റ്റോക്കിന്റെ ബാലൻസ് സൂക്ഷിക്കുന്നതും,കരാറുകാരന് തുക അനുവദിക്കുന്നതും ഒരേ ഉദ്യോഗസ്ഥനാണ്.ഇവ വ്യത്യസ്ത ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യുന്ന രീതിയിൽ ജോലി വിഭജന രേഖയിൽ മാററം വരുത്തേണ്ടതാണ്.ഉപയോഗിക്കുന്ന സ്റ്റോക്കിന്റെ അടിസ്ഥാനത്തിൽ മാത്രം ഈ ഇനത്തിലുള്ള ചെലവ് കണക്കിൽ രേഖപ്പെടുത്തേണ്ടതും ബാക്കി ക്ലോസിംഗ് സ്റ്റോക്ക് ആയി ഉൾപ്പെടുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിററ് അന്വേഷണത്തിന് മറുപടിയായി സ്റ്റോക്ക് രജിസ്ററർ മേൽ പറഞ്ഞരീതിയിൽ പരിപാലിച്ചു കൊള്ളാമെന്നും,ജോലി വിഭജന രേഖയിൽ മാററം വരുത്താമെന്നും അറിയിച്ചിട്ടുണ്ട്.നടപടികൾ സ്വീകരിച്ച് ഓഡിററിനെ അറിയിക്കേണ്ടതാണ്.

4.ചെലവുകൾ ഉചിതമായ ശീർഷകങ്ങളിൽ ഉൾപ്പെടുത്തുന്നില്ല

താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരമുള്ള ചെലവുകൾ ഉചിതമായ ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം./പേര് | വൗച്ചർ നം./ തുക | ബുക്ക് ചെയ്ത ശീർഷകം | ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|
| 37/19 ഓഫീസിലേക്ക് ഫർണീച്ചർ | 21801046/26-11-18 തുക-187976/- | 410710199 movable assets & others | 410710104 movable assets ,furniture, fittings, electrical appliance |
| 56/19 ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും. | 21801668/6-3-19 തുക-233574/- | 251600701 general economic services, computerisation of LSGIs & transferred institutions | 410710104 movable assets, furniture, fittings, electrical appliance |
| 434/19 ഓഫീസ് നവീകരണം പൂർത്തികരണം | 21800465/08-08-18 തുക-707454/- | 251600601 general economic services, good goverrnance general | 410710104 movable assets, furniture, fittings, electrical appliance |

ഇത് സംബന്ധിച്ച നൽകിയ ഓഡിററ് അന്വേഷണത്തിന് മറുപടിയായി ചെലവുകൾ യഥാർത്ഥ ശീർഷകങ്ങളിൽ ബുക്ക് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് ഓഡിററിനെ അറിയിക്കേണ്ടതാണ്.

# 1-27 ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പദ്ധതി -അപാകതകൾ

പ്രൊജക്റ്റ് നം.- 52/18-19 ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സിഡി വിതരണം

വികസന ഫണ്ട് -9,00,000/-

ബ്ലോക്ക് വിഹിതം -4,25,000/-

ജില്ലാ പഞ്ചായത്ത് വിഹിതം -15,00,000/-

ചെലവ് -28,25,000/-

ട്രഷറി ബിൽ നം.1/4.1.2019 തുക -9,00,000/-

ചെക്ക് നം.0480408 /20.03.2019 തുക -4,25,000/-

ചെക്ക് നം.0480404 /20.03.2019 തുക -4,99,376/-

ചെക്ക് നം.0480405/20.03.2019 തുക -2,99,424/-

ചെക്ക് നം.0480406 /20.03.2019 തുക -4,90,034/-

ചെക്ക് നം.0480407 /20.03.2019 തുക -2,11,166/-

മേൽ പദ്ധതി പ്രകാരം ക്ഷീരസംഘങ്ങൾ മുഖേന പാൽ അളക്കുന്ന 724ഗുണഭോക്താക്കൾക്ക് ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ)നം.22/2018/തസ്വഭവ തി.14/02/2018 പ്രകാരം ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ,ഒരു ലിറ്റർ പാലിന് 4/-രൂപ തോതിൽ കണക്കാക്കി അത്രയും തുക നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 1 രൂപ ക്ഷീരവികസന വകുപ്പും 3 രൂപ പഞ്ചായത്ത് വിഹിതവുമായാണ് നൽകേണ്ടത്. എന്നാൽ ക്ഷീര വികസന വകുപ്പിൽ നിന്നും 1 രൂപ ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ സബ്സിഡി ഇനത്തിൽ പഞ്ചായത്ത് വിഹിതമായി 4 രൂപ നൽകിയത് സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ(7/28.02.2020)ത്തിന് പ്രളയം മൂലം വകുപ്പിൽ നിന്ന് ഫണ്ട് ലഭിച്ചില്ലെന്നാണ് മറുപടി നൽകിയത്. ഒരു ലിറ്ററിന് മൊത്തം 4/-രൂപ എന്ന കണക്കിന് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-28 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതി- ഉപകരണങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല

പ്രൊജക്റ്റ് നം/പേര് -425/2019 വയോജനങ്ങൾക്ക് ഉപകരണങ്ങൾ നൽകൽ

ചെലവ് -315698/- ട്രഷറി ബിൽ നം.5/25.05.2018

ടി.പ്രൊജക്റ്റ് പ്രകാരം വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഉപകരണത്തിന്റെ പേര് | വാങ്ങിയ എണ്ണം | വിതരണം ചെയ്തത് | ബാലൻസ് |
|---|---|---|---|
| Elbow cruches delux | 50 | 41 | 9 |
| Folding walker delux | 7 | 7 | ഇല്ല |
| BTE channel free progra. Hearing aid for moderate to profound | 28 | 27 | 1 |

ഇതിൽ Elbow cruches delux 9 എണ്ണം, Hearing aid 1 എണ്ണവും വിതരണം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/29.02.2020) ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം നടത്താമെന്ന് അറിയിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് ഓഡിററിനെ അറിയിക്കേണ്ടതാണ്.

# 1-29 പൊതുമരാമത്ത് പ്രവൃത്തികൾ - അവലോകനം.

2018-19 വർഷത്തിൽ ആകെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ 291 എണ്ണവും നടപ്പിലാക്കിയത് 182 എണ്ണവുമാണ്. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 109 എണ്ണം നടപ്പിലാക്കിയില്ല. 19 പ്രോജക്ടുകൾ പാതിവഴിയിൽ ഉപേക്ഷിച്ചിട്ടുണ്ട്. 5 പ്രോജക്ടുകൾക്ക് പാർട്ട് ബില്ലുകൾ നൽകിയിട്ടുണ്ട്. 2018 -19 വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 2019 -20 വർഷത്തേയ്ക്ക് 47 പ്രോജക്ടുകൾ സ്പിൽ ഓവർ ആയി നിലവിലുണ്ട്. തൻവർഷം ആകെ അടങ്കൽ 101759211/- രൂപയും ആകെ ചെലവ് 57143713/- രൂപയുമാണ്. ആകെ ചെലവ് ശതമാനം 56.16 ആണ്.

തൻവർഷം ഭൂരിഭാഗവും റോഡ് പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. TR 7A കാഷ്ബുക്ക് പരിപാലിക്കുന്നില്ല. ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിലെ കോളങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട രജിസ്റ്ററുകൾ ശരിയായ രീതിയിൽ സാക്ഷ്യപ്പെടുത്തുന്നില്ല. പ്രോജക്റ്റ് രജിസ്റ്റർ, വർക്ക് ബിൽ രജിസ്റ്റർ, ആസ്തിരജിസ്റ്റർ (കാലികമാക്കി) എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അളവ് പുസ്തകങ്ങളിൽ ചെക്ക് മെഷർ തീയതി കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഫൈനൽ ബില്ലിൽ മെമ്മോറാണ്ടം ഓഫ് പേമെന്റ് എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല .

ഭൂരിഭാഗം ഫയലുകളോടൊപ്പം പൂർത്തികരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. റോഡ് കണക്റ്റിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല. ഭൂരിഭാഗം പ്രോജക്ടുകൾക്കും കരാർ കാലയളവ് മൂന്ന് മാസമാണ് നൽകിയിട്ടുള്ളത്. എന്നാൽ കരാർ കാലയളവിൽ വളരെ വിരളമായിട്ടാണ് പ്രവൃത്തികൾ പൂർത്തികരിക്കുന്നത്. കരാർ കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃതം ഫൈൻ ഈടാക്കിയിട്ടില്ല. കരാർ കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ ഭാവിയിൽ നിയമാനുസൃത ഫൈൻ ഈടാക്കേണ്ടതാണ്. പദ്ധതി രൂപീകരണം, നിർവ്വഹണം എന്നി ഘട്ടങ്ങളിൽ വേണ്ടത്ര ശ്രദ്ധയും ശുഷ്കാന്തിയും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തും വർക്കിംഗ് ഗ്രൂപ്പുകളുടെ ഭാഗത്തും ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.08.2019 | കെ.എസ്.എ.ടി.എസ്.ആർ(എസ്1)1120/19(53) തീയതി 24.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ചെലഴിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | സാന്ത്വന പരിചരണ പരിപാടി | 150000 | 0 |
| | | 757800 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി വിഭാഗം) | 328600 | 429200 |
| | | 642172 | പൊടിപ്പാറ മനക്കപ്പാടം ഉദയപുരം എസ്.സി കോളനി കുടിവെള്ള പദ്ധതി | 642172 | 0 |
| | | 100000 | ഹരിത കേരളം നെൽകൃഷി വികസന പദ്ധതി | 100000 | 0 |
| | | 1677630 | ലൈഫ് ഭവന പദ്ധതി (പൊതുവിഭാഗം) | 1677630 | 0 |
| | | 385000 | ട്രൈബൽ സ്കൂൾ വിഹിതം | 0 | 385000 |
| | | 400000 | ലൈഫ് ഭവന പദ്ധതി (പട്ടികവർഗ്ഗ വിഭാഗം) | 0 | 400000 |
| | | 527200 | ഭിന്നശേഷി ഭവന നിർമ്മാണം (ജനറൽ) | 427200 | 100000 |
| | | 720000 | ലൈഫ് പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം | 720000 | 0 |
| | | 300000 | പച്ചക്കറി കൃഷി വനിതകൾക്ക് | 299200 | 800 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | 425000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 425000 | 0 |
| | | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1500000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 1500000 | 0 |
| | | 300000 | സാന്ത്വന പരിചരണ പരിപാടി | 300000 | 0 |
| | | 200000 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 200000 | 0 |
| | | 391942 | ജലരക്ഷ, ജീവരക്ഷ, മണലിപ്പുഴ സംരക്ഷണം | 48750 | 343192 |
| | | 3273727 | ലൈഫ് ഭവന പദ്ധതി (പൊതുവിഭാഗം) | 3273727 | 0 |
| | | 400000 | കിണർ റീചാർജ്ജിങ്ങ് | 0 | 400000 |
| | | 500000 | ശ്മശാനം മെഷീൻ വാങ്ങലും സ്ഥാപിക്കലും | 0 | 500000 |
| | | 1500000 | തമ്പുരാട്ടി പറമ്പ്-മണ്ടൻചിറ റോഡ് | 0 | 1500000 |
| | | 100000 | അംഗൻവാടി അനുപൂരക പോഷകാഹാരം | 0 | 100000 |
| | | 250000 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 250000 | 0 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 125550/ തീ.06.05.20194 | 3701 | 0 | 3701 |
| | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | ഡെവലപ്പ്മെന്റ് ഫണ്ട് | 156109 | 156109 | 0 |
| | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | ഡെവലപ്പ്മെന്റ് ഫണ്ട് | 1983415 | 1983415 | 0 |
| | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | ഡെവലപ്പ്മെന്റ് ഫണ്ട് | 43310 | 0 | 43310 |
| | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | ഡെവലപ്പ്മെന്റ് ഫണ്ട് | 12294 | 0 | 12294 |
| | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | ഡെവലപ്പ്മെന്റ് ഫണ്ട് | 919149 | 919149 | 0 |
| കെ.ഡബ്ല്യു.എ | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ഡെവലപ്പ്മെന്റ് ഫണ്ട് | 170000 | 0 | 170000 |
| | കുടിവെള്ള പദ്ധതി വാർഡ്15 | ഡെവലപ്പ്മെന്റ് ഫണ്ട് | 102000 | 0 | 102000 |
| | കുടിവെള്ള പദ്ധതി വാർഡ്15 | ഡെവലപ്പ്മെന്റ് ഫണ്ട് | 127000 | 0 | 127000 |
| | കുട്ടാല കരിപ്പ കരോട്ടിച്ചാൽ പൈപ്പ് ലൈൻ മെയിന്റനൻസ് | ഡെവലപ്പ്മെന്റ് ഫണ്ട് | 100000 | 0 | 100000 |
| | പൊടിപ്പാറ ഉദയംപുരം കോളനി കുടിവെള്ള പദ്ധതി | 4179092/dt10.02.2020 | 642172 | 0 | 642172 |
| | മാനാങ്കോട് കുടിവെള്ള പദ്ധതി | ഡെവലപ്പ്മെന്റ് ഫണ്ട് | 500000 | 0 | 500000 |

മാനാങ്കോട് കുടിവെള്ള പദ്ധതിക്ക് ഡെപ്പോസിറ്റ് തുക മുൻകൂറായി നൽകിയതിന്റെ വിവരം വാർഷികകണക്കിൽ ചേർത്തിട്ടില്ല. പഞ്ചായത്ത് ലഭ്യമാക്കിയ വിവരശേഖരണവും വാർഷികകണക്ക് ഷെഡ്യൂൾ B-18 പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | മുതൽ | പലിശ |
| ഹഡ്കോ വായ്പ | കെ.യു.ആർ.ഡി.എഫ്-68/2018 തീ.18.05.2018 | 5,98,000 | 0 | 0 | 0 | 5,98,000 | 0 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

വിവരങ്ങൾ ലഭ്യമല്ല

## 4-9 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 193348918 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 167624720 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1971130 |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22(a) | 150000 | ശ്രീമതി.നിർമ്മലാദേവി.പി.സി, എച്ച്.എം. |
| 1-22(b) | 278990 | " " |
| 1-22(c) | 38400 | " " |
| 1-22(d) | 207000 | " " |
| 1-22(e) | 200000 | " " |
| 1-22(f) | 500000 | " " |
| 1-23 | 500000 | ശ്രീമതി.മേഘന.ടി.കെ, അസി.എഞ്ചിനീയർ |
| 1-26(2) | 96740 | ശ്രീ.പ്രദീപ്.കെ, സെക്രട്ടറി |
| ആകെ | 1971130 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി നിർമ്മലാദേവി പി സി, എച്ച്.എം | ഹെഡ്മിസ്ട്രസ്സ് , ജി യു പി എസ്,പട്ടിക്കാട് | ചൈത്രം, ഇരവിമംഗലത്ത്ഹൗസ്, ഇരവിമംഗലം പി ഒ,തൃശ്ശൂർ |
| ശ്രീമതി മേഘ്ന ടികെ, അസി.എഞ്ചിനീയർ | ഏഴിക്കര ഗ്രാമപഞ്ചായത്ത് | മഗധീർ,തോട്ടക്കാട്ടുകര പി ഒ,ആലുവ |
| ശ്രീ പ്രദീപ് കെ, സെക്രട്ടറി | സെക്രട്ടറി , പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | കോമ്പിയിൽ ഹൗസ്, പൂങ്കുന്നം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1992-93,1993-94 | എൽ .എഫ്.ടി9-1660/95/ 6.2.96 |
| 1994-95,95-96 | എൽ . എഫ്. ടി9- 1646/ 7.2.98 |
| 1996-97 ചെലവ് | എൽ.എഫ്.ടി11- 1430/ 98/12.4.99 |
| 1996-97ഫൈനൽ | എൽ . എഫ്. ടി11- 1344/ 06/15.5.07 |
| 1997-98ചെലവ് | എൽ . എഫ്. ടി11-1428/ 98/12.4.99 |
| 1997-98 | എൽ.എഫ്. ടി11- 1345/06/ 15.5.07 |
| 1998-99ചെലവ് | എൽ . എഫ്. ടി11- 1143/00/ 6.6.00 |
| 1998-99ഫൈനൽ | എൽ.എഫ്.ടി11-1761/07/ 24.5.08 |
| 99-00ചെലവ് | എൽ.എഫ്.ടി11-757/03/ 15.9.03 |
| 99-00ഫൈനൽ | എൽ.എഫ്.ടി11-2364/07/ 27.5.08 |
| 00-01, 01-02 ഫൈനൽ | എൽ.എഫ്.ടി11-287/04/ 21.5.04 |
| 2000-01,2001-02 | എൽ.എഫ്.ടി11-1734/07/ 25.5.08 |
| 2002-03 | എൽ.എഫ്.ടി11-1048/08/ 31.8.09 |
| 2003-04 | എൽ.എഫ്.ടി11-1049/08/ 31.8.09 |
| 2004-05 | എൽ .എഫ്.ടി11-291/09 |
| 2005-06 | എൽ.എഫ്.ടി11-1738/13.3.10 |
| 2006-07 | എൽ .എഫ്.ടി11-1739/12/ 24.7.10/10.12.10 |
| 2007-08 | എൽ .എഫ്.ടി.4-88/12/ 30.3.12 |
| 2008-09 | എൽ .എഫ്.ടി.പി.4-89/12/ 31.3.12 |
| 2009-10 | എൽ .എഫ്.ടി.പി 4-90/12/ 9.4.12 |
| 2010-11 | എൽ .എഫ്.ടി.പി.4-91/12/ 4.4.12 |
| 2011-12 | എൽ .എഫ്.ടിപി.4-855/13/ 7.9.13 |
| 2012-13 | എൽ .എഫ്.ടിപി.8-218/14/ 16.9.14 |
| 2013-14 | എൽ .എഫ്.ടി.പി8-13/15/ 8.5.15 |
| 2014-15 | എൽ .എഫ്.ടി.പി.8-1064/16/ 30.6.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി8)1891/16 തീയതി 01.11.2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി8)1630/17 തീയതി 29.11.2017/18.12.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി8)799/2019 തീയതി.11.06.2019/17.06.2019 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# <u>അനുബന്ധം -1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം -2 ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| - | സംക്ഷിപ്തം(AuditedAbstract) | പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ